“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/733/2021-A**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **04-06-2025**

<u>താത്പര്യപത്രം</u>

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) വകുപ്പ്, ചേവായൂർ, കോഴിക്കോട് - 17 ലേക്ക് ഈ വകുപ്പ് വയനാട് സുഗന്ധഗിരിയിൽ നിർമ്മിക്കുന്ന ഗോത്ര സ്വാതന്ത്ര്യ സമരസേനാനി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി ഒരു ടെക്നിക്കൽ കൺസൽട്ടന്റിനെ നിയമിക്കുന്നതിലേക്കായി താഴെ പറയുന്ന യോഗ്യതയുളളവരിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

1. അപേക്ഷകർ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) ൽ കുറയാത്ത റാങ്കിൽ നിന്നും വിരമിച്ച വ്യക്തി ആയിരിക്കണം.
2. സർക്കാർ ഉത്തരവ് (പി) നമ്പർ **67/2021/**ഫിൻ, തീയതി **28/04/2021** ലെ ഖണ്ഡിക **9.4** പ്രകാരമുളള എല്ലാ വ്യവസ്ഥകളും ഈ തെരഞ്ഞെടുപ്പിനും ബാധകമായിരിക്കും.
3. ഗോത്ര സ്വാതന്ത്ര്യ സമര സേനാനി മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിക്കേണ്ടതും, സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനു ഈ വകുപ്പിനെ സഹായിക്കേണ്ടതുമാണ്. കൂടാതെ അക്രിഡിറ്റഡ് ഏജൻസി തയ്യാറാക്കുന്ന ബില്ലുകൾ ചെക്ക് മെഷർ ചെയ്യുകയും നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിഷയങ്ങളിൽ ഈ വകുപ്പിനെ സഹായിക്കേണ്ടതുമാണ്.
4. അപേക്ഷകന്റെ മുൻകാല സേവന പരിചയം സംബന്ധിക്കുന്ന രേഖകളുടെ പകർപ്പ് താത്പര്യപത്രത്തിനൊടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. താത്പര്യപത്രങ്ങൾ **18/06/2025** ന് വൈകുന്നേരം **5.00** മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

ലഭിച്ച താത്പര്യപത്രങ്ങൾ പരിശോധിച്ച് നിഷ്കർഷിച്ച യോഗ്യതയുളളവരിൽ നിന്നും കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും.

Signed by
Bindu S
Date: 04-06-2025 14:07:19

ഡയറക്ടർ

1. ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
തിരുവനന്തപുരം (ആവരണ കത്ത് സഹിതം)
2. കലക്ടറേറ്റ് കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
3. താലൂക്ക് ഓഫീസ് കോഴിക്കോട്(നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
4. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ആഫീസ് പകർപ്പ്